13/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 11(2)/2022**/എസ്.ഐ.സി

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ 49/എസ്.ഐ.സി-ജി 6/22)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.പി.ചന്ദ്രൻ,**
**ശ്രേയസ്സ് , പെരിങ്കോന്ന്,**
**ചെങ്ങളായി പി.ഒ., കണ്ണൂർ,**
**പിൻ – 670 631.** } **അപ്പീൽ ഹർജിക്കാരൻ**

Vs

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (കേന്ദ്രസ്ഥാനം), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.എസ്.ആർ.ടി.സി., ചെയർമാൻ& മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി& അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.06.2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.07.2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.09.2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 08.11. 2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.11. 2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 25.11.2022 |
| ഹിയറിംഗ് നടന്ന തീയതി | 27.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖ ലഭ്യമാക്കിയി ല്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 18.06.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പ് ഉൾപ്പെടെ വിവിധ യൂണിറ്റുകളിലായി ജോലി ചെയ്യുന്ന ജീവ നക്കാരുടെ എണ്ണം യൂണിറ്റ് തിരിച്ച്, തസ്തിക തിരിച്ച്, സ്ഥിരം, അസ്ഥിരം(എംപാനൽ) സ്ത്രീ,പുരുഷൻ എന്നിങ്ങനെയുള്ളവരുടെ വിവര ങ്ങൾ തരംതിരിച്ച് ലഭ്യമാക്കണമെന്നാണ്.

ആയതിന് 14.07.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആരാഞ്ഞ വിവരങ്ങൾക്ക് 6(3) പ്രകാരം എസ്.പി.ഐ.ഒ. മാരായ സൂപ്രണ്ട് ജനറൽ, ഡെപ്യൂട്ടി ജനറൽ മാനേജർ (ഐ.ടി) എന്നീ വിഭാഗങ്ങളിലേയ്ക്ക് കൈമാറിയിരുന്നുവെന്നും ടി എസ്.പി. ഐ.ഒ.മാർ ലഭ്യമാക്കിയ വിവരങ്ങൾ;

1) ജൂൺ മാസം ശമ്പളം നൽകിയ കണക്കുപ്രകാരം കെ.എസ്. ആർ.ടി.സി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സി. ഡി.യിൽ ലഭ്യമാക്കുന്നതാണെന്നും,
2) അംഗീകരിക്കപ്പെട്ട ഓർഗനൈസേഷൻ ചാർട്ട് ലഭ്യമല്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾ സി.ഡി.യിൽ ലഭ്യമാ ക്കുന്നതിന് 50/- രൂപ കെ.എസ്.ആർ.ടി.സി.യുടെ ഏതെങ്കിലും യൂണിറ്റിൽ അടച്ചതിന്റെ അസ്സൽ ക്യാഷ് രസീതോ മണി ഓർഡറോ ഫിനാൻഷ്യൽ അഡ്വൈസർ& ചീഫ് അക്കൗണ്ട്സ് ഓഫീസറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റോ ടി സെക്ഷനിൽ ഹാജരാക്കുന്ന പക്ഷം ഹർജിക്കാ രൻ നിർദ്ദേശിക്കുന്ന കെ.എസ്.ആർ.ടി.സി.യുടെ യൂണിറ്റി

ലേയ്ക്ക് പ്രസ്തുത സി.ഡി. അയച്ചു നൽകുന്നതാണെന്നുമാണ്.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 08.11.2021ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ലഭ്യമാക്കിയിരുന്ന വിവരത്തിൽ ആകെ ജീവനക്കാരുടെ എണ്ണം മാത്രമാണ് ഉൾപ്പെടുത്തിയിരുന്നതെന്നും ടിയാൻ പ്രഥമ അപേക്ഷയിൽ ആവശ്യപ്പെട്ട പ്രകാരം തരം തിരിച്ച് വിവരം ലഭ്യമാക്കിയില്ലെന്നും സൂചിപ്പിച്ചാണ് അപേക്ഷകൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നതെന്നാണ്.

രേഖകൾ പരിശോധിച്ചതിൽ നിന്നും വിവരാവകാശ നിയമപ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കുള്ളിൽ തന്നെ കെ.ആർ.ടി.സി.യിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം സി.ഡി.യിൽ ലഭ്യമാക്കുന്നതാണെന്നുമുള്ള ഐ.ടി.ഡിവിഷൻ എസ്.പി.ഐ.ഒ.യുടെ മറുപടിയും രണ്ടാമത്തെ ചോദ്യത്തിന് ജനറൽ വിഭാഗം എസ്.പി.ഐ.ഒ. കൈമാറിയിരുന്ന വിവരവും എസ്.പി.ഐ.ഒ.(കേന്ദ്രസ്ഥാനം) അപേക്ഷകന് അയച്ചുകൊടുത്തിരുന്നതായി ബോദ്ധ്യപ്പെട്ടുവെന്നാണ്.

അപേക്ഷകന്റെ ഒന്നാം അപ്പീൽ പരിഗണിച്ച് കെ.എസ്.ആർ.ടി.സി.ജീവനക്കാരുടെ തരംതിരിച്ചുള്ള ലഭ്യമായ വിവരം ടിയാന് തയ്യാറാക്കി നൽകുവാൻ ഐ.ടി.ഡിവിഷൻ എസ്.പി.ഐ.ഒ.യോട് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി എസ്.പി.ഐ.ഒ.കൈമാറിയിരുന്ന പ്രസ്തുത വിവരം ഉൾക്കൊള്ളുന്ന സി.ഡി. ടി അപ്പീലുത്തരവിനോടൊപ്പം ഉൾക്കൊള്ളിക്കുന്നുവെന്നുമാണ്.

ഹർജിക്കാരന്റെ അപ്പീലപേക്ഷ പരിശോധിച്ച് ലഭ്യമാക്കുവാൻ കഴിയാവുന്ന വിവരങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം നൽകുന്ന സാഹചര്യത്തിൽ വിവരാവകാശ നിയമപ്രകാരമുള്ള തുടർനടപടികൾ ഒഴിവാക്കി ടി അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും പൂർണ്ണമായ വിവരം ലഭ്യമാക്കിയില്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും 26.12.2022 ലെ റിപ്പോർട്ടും പരിശോധിച്ചതിൽ ഹർജിക്കാരന് ലഭ്യമായ വിവരം നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/